പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 34

# 2021-ലെ കേരള പ്ലേസ്കൂൾ കിൻഡർഗാർട്ടൻ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 34

# 2021-ലെ കേരള പ്ലേസ്കൂൾ കിൻഡർഗാർട്ടൻ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 34

# 2021-ലെ കേരള പ്ലേസ്കൂൾ കിൻഡർഗാർട്ടൻ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ

(ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പ്ലേസ്കൂൾ, കിൻഡർഗാർട്ടൻ എന്നിവയുടെ രജിസ്ട്രേഷനും അവയുടെ നിയന്ത്രണത്തിനും വേണ്ടിയുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും വിവിധ പ്ലേസ്കൂളുകളും കിൻഡർഗാർട്ടനുകളും പ്രവർത്തിക്കുന്നുവെങ്കിലും അവയ്ക്ക് രജിസ്ട്രേഷനുകളോ പ്രവർത്തനത്തിനാവശ്യമായ വേണ്ടത്ര നിയന്ത്രണങ്ങളോ നിബന്ധനകളോ കാലാനുസൃതമായി ഏർപ്പെടുത്താത്തതിനാൽ കുട്ടികളും രക്ഷകർത്താക്കളും പലതരത്തിലുള്ള ചൂഷണത്തിന് വിധേയമാകുന്ന സാഹചര്യത്തിൽ, ഇത് പരിഹരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും .—(1) ഈ ആക്ടിന് "2021-ലെ കേരള പ്ലേസ്കൂൾ കിൻഡർഗാർട്ടൻ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ആക്ട്" എന്ന് പേര് പറയാം.

(2) ഇതിന് കേരളം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിന് സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം.—

(1) "അതോറിറ്റി" എന്നാൽ ഈ ആക്ട് അനുസരിച്ച് ഗസറ്റ് വിജ്ഞാപനം വഴി രൂപീകരിച്ച ഒരു അതോറിറ്റി എന്നാകുന്നു;

(2) "ചെയർമാൻ" എന്നാൽ അതോറിറ്റിയുടെ ചെയർമാൻ എന്ന് അർത്ഥമാകുന്നു;

(3) "വിജ്ഞാപനം" എന്നാൽ ഈ ആക്ട് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(4) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(5) "ചട്ടങ്ങൾ" എന്നാൽ ഈ ആക്ട് അനുസരിച്ച് ഗവൺമെന്റ് രൂപീകരിക്കുന്ന ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

(6) "പ്ലേസ്കൂളുകൾ/കിൻഡർഗാർട്ടൻ" എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആറ് വയസ്സിന് താഴെയുള്ള കുട്ടികളെ പകൽ സംരക്ഷിക്കുന്നതും പഠിപ്പിക്കുന്നതുമായ സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു;

(7) "വകുപ്പ്"' എന്നാൽ ഈ ആക്ടിന്റെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(8) "നഗരപ്രദേശം" എന്നാൽ കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളും നഗരങ്ങളും എന്നർത്ഥമാകുന്നു;

(9) "ഗ്രാമപ്രദേശം" എന്നാൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളും എന്നർത്ഥമാകുന്നു;

3. <u>പ്ലേസ്കൂൾ/കിൻഡർഗാർട്ടൻ രജിസ്ട്രേഷൻ അതോറിറ്റിയുടെ രൂപീകരണം</u>.—

(1) സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി കേരള പ്ലേസ്കൂൾ/കിൻഡർഗാർട്ടൻ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) അതോറിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:

(എ) രണ്ട് പൊതുപ്രവർത്തകർ;

(ബി) രണ്ട് വനിതാ പൊതുപ്രവർത്തകർ;

(സി) പൊതുഭരണവകുപ്പ് സെക്രട്ടറി;

(ഡി) സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ;

(ഇ) തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി;

(എഫ്) നിയമ വകുപ്പ് സെക്രട്ടറി;

4. <u>അതോറിറ്റിയിലെ ജീവനക്കാരുടെ നിയമനം</u>.—അധികം ജീവനക്കാരുള്ള വകുപ്പുകളിൽ നിന്നും ജീവനക്കാരെ പുനർവിന്യാസം നടത്തുകയോ ഡെപ്യൂട്ടേഷൻ വഴിയോ നിയമിക്കാവുന്നതാണ്.

5. അതോറിറ്റിയുടെ അധികാരങ്ങൾ.—

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്ലേസ്കൂളുകളുടെയും കിൻഡർഗാർട്ടനുകളുടെയും മുഴുവൻ വിവരങ്ങളും ശേഖരിക്കുക.

(ബി) ഈ സ്ഥാപനങ്ങളിൽ നടക്കുന്ന ചൂഷണങ്ങൾ കണ്ടെത്തുകയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക.

(സി) ഈ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുക.

(ഡി) രജിസ്ട്രേഷൻ വഴി ലഭിക്കുന്ന ഫീസ് സൂക്ഷിക്കുക.

(ഇ) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് മാർഗ്ഗരേഖ തയ്യാറാക്കുക.

(എഫ്) കുട്ടികളുടെ മാനസികവും ആരോഗ്യപരവുമായ വികാസത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.

(ജി) മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കുന്ന സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കുക

6. ചെയർമാന്റെ നിയമനം.—നീതിന്യായവകുപ്പിൽ നിന്നും സർവ്വീസിൽ ഉള്ളതോ റിട്ടയർ ആയതോ ആയ ഒരു ജുഡീഷ്യൽ ഓഫീസറെ ചെയർമാനായി നിയമിക്കാവുന്നതാണ്.

7. ചെയർമാന്റെ കാലാവധി .— ചെയർമാന്റെ കാലാവധി അഞ്ച് വർഷമായിരിക്കും.

8. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ നിയമപ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിന് ശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന് മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിന് ശേഷം അതത് സംഗതിപോലെ അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടാവുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

9.മറ്റ് നിയമങ്ങളിന്മേലുള്ള അതിപ്രഭാവം. ഈ ആക്ടിലെയും അതിന്മേലെടുത്തിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ അതിന് വിരുദ്ധമായി എന്തുതന്നെ ആയിരുന്നാലും പ്രാബല്യമുണ്ടായിരിക്കുന്നതാണ്. സർക്കാരിന് പ്രസ്തുത ആക്ട് നടപ്പാക്കുന്നതിനുള്ള ഉറപ്പ് വരുത്തുന്നതിലേയ്ക്കായി നിർണ്ണയിക്കപ്പെടാവുന്ന സമ്പ്രദായത്തിലും രീതിയിലും കാലാനുസൃതമായ മാറ്റം വ്യവസ്ഥ ചെയ്യാവുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് നിരവധി പ്ലേസ്കൂളുകളും, കിൻഡർഗാർട്ടനുകളും പ്രവർത്തിക്കുന്നു. എന്നാൽ ഇവ തുടങ്ങുന്നതിന് നിയതമായ ഒരു നിയമമോ ചട്ടങ്ങളോ നിലവിലില്ല. ഈ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിനും നിലവിൽ സംവിധാനങ്ങൾ ഇല്ല. ഇത്തരം പ്ലേസ്കൂളുകളേയും കിൻഡർഗാർട്ടനുകളേയും ഒരു നിയന്ത്രണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരേണ്ടത് ആവശ്യമാണ്. ഇതിനായി ഒരു രജിസ്ട്രേഷൻ അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

അതോറിറ്റിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് പ്രാരംഭച്ചെലവുകൾക്കായി 25 ലക്ഷം രൂപ സഞ്ചിതനിധിയിൽ നിന്നും പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാനും സഭയ്ക്ക് അത് ഭേദഗതി ചെയ്യുവാനും റദ്ദ് ചെയ്യുവാനും അംഗീകരിക്കുവാനുമുള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ള അധികാരം സാധാരണ സ്വഭാവത്തിലാണ്.

പി. സി. വിഷ്ണുനാഥ്, എം. എൽ. എ.